(സി) ജയിലുകളിൽ കഴിയുന്ന കുട്ടികളിൽ കൊലക്കുറ്റം ചെയ്തവർ ആരെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ഡി) ജയിലുകളിൽ കഴിയുന്ന കുട്ടികളോട് ജയിലധികൃതർ ക്രൂരമായി പെരുമാറുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ശിക്ഷിക്കപ്പെട്ടിട്ടുള്ള കുട്ടികളും ആരുമില്ല. എന്നാൽ 6 കൈക്കുഞ്ഞുങ്ങളും അമ്മമാരോടൊപ്പം ജയിലുകളിൽ ഉണ്ട്. ജയിലിൽ വെച്ച് പ്രസവിക്കപ്പെട്ടിട്ടുള്ളവരുടെ എണ്ണം 2.

(ബി) ആരുമില്ല.

(സി) പ്രസക്തമല്ല.

(ഡി) പരാതിയൊന്നും ലഭിച്ചിട്ടില്ല.

ജയിലുകളിൽ തടവുകാരായി കഴിയുന്ന സ്ത്രീകൾ

1738 [2620] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ തടവുകാരായി കഴിയുന്ന എത്ര സ്ത്രീകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ:

(ബി) അവരിൽ അഞ്ചോ അതിൽ കൂടുതലോ വർഷങ്ങളായി ജയിലുകളിൽ കഴിയുന്നവർ എത്ര;

(സി) ശിക്ഷയുടെ കാലാവധി കഴിഞ്ഞിട്ടും ജയിലുകളിൽനിന്നും വിട്ടയച്ചിട്ടില്ലാത്ത സ്ത്രീകൾ ആരെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ അവർ എത്രയെന്നും അതിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ;

(ഡി) തടവുകാരായിട്ടുള്ള സ്ത്രീകളോട് ജയിലധികൃതർ ക്രൂരമായി പെരുമാറുന്നുവെന്നുള്ളതിനെ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 117 സ്ത്രീകൾ.

(ബി) ആരുമില്ല.

(സി) ശിക്ഷയുടെ കാലാവധി കഴിഞ്ഞിട്ടും വിട്ടയച്ചിട്ടില്ലാത്ത സ്ത്രീ തടവുകാർ ആരുമില്ല.

(ഡി) ഇല്ല.

കണ്ണൂർ സെൻട്രൽ ജയിലിലെ തടവുകാർക്കുള്ള ഭക്ഷണം

1739 [2621] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) കണ്ണൂർ സെൻട്രൽ ജയിലിലെ തടവുകാർക്ക് ഭക്ഷണം പാചകം ചെയ്യുന്നതിനാവശ്യമായ പാത്രങ്ങളും ഇല്ലാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ തടവുകാർക്ക് ഭക്ഷണം പാകം ചെയ്യുന്നതിനാവശ്യമായ പാത്രങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യമായ പാത്രങ്ങൾ വാങ്ങിക്കഴിഞ്ഞു.

ജയിൽ ജീവനക്കാർ

1740 [2622] ശ്രീ. സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ജയിലുകളിൽ ആകെ എത്ര ജീവനക്കാരുണ്ട്;

(ബി) പോലീസുകാരുടേയും ജയിൽ വാർഡർമാരുടെയും സേവന വേതന വ്യവസ്ഥകളിൽ വ്യത്യാസമുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പോലീസുകാരുടേയും ജയിൽ വാർഡർമാരുടെയും സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ജയിലുകളിൽ ആകെ 987 ജീവനക്കാരുണ്ട്.

(ബി) തടവുകാരെ കാത്തുസൂക്ഷിക്കുകയാണ് ജയിൽ വാർഡർമാരുടെ മുഖ്യജോലി. പോലീസുകാരുടെ സേവനം ഇതിൽനിന്നും തികച്ചും വ്യത്യസ്തമാണ്. അതിനാൽ പോലീസുകാരുടെയും ജയിൽ വാർഡർമാരുടേയും സേവന വേതന വ്യവസ്ഥകൾ വ്യത്യസ്തമാണ്.

(സി) വ്യത്യസ്ത ജോലികളിൽ നിയമിച്ചിട്ടുള്ളവരുടെ സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കുക അപ്രായോഗികവും അപ്രസക്തവുമാണ്.

ശിക്ഷിക്കപ്പെട്ട തടവുകാർ

1741 [2623] ശ്രീ. സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ ഇപ്പോൾ (1986 ഒക്ടോബർ 30-ാം തീയതി) ശിക്ഷിക്കപ്പെട്ട എത്ര തടവുകാർ ജയിലുകളിലുണ്ട്;

(ബി) സംസ്ഥാനത്തുള്ള ഓരോ ജയിലിലും ശിക്ഷിക്കപ്പെട്ടവരും, വിചാരണ തടവുകാരുമായി (റിമാൻറിൽ കഴിയുന്നവർ) എത്രപേർ വീതം ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ശിക്ഷിക്കപ്പെട്ട തടവുകാർക്ക് ഇപ്പോൾ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2120 തടവുകാർ.

(ബി) പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം III.

LIBRARY ARCHIVES Kerala Legislative Assembly